ഇത്തരത്തിൽ റീബിൽഡ് കേരളയുടെ കീഴിൽ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന പൊതുമരാമത്ത് റോഡുകളിൽ ആറന്മുള മണ്ഡലത്തിലെ പത്തനംതിട്ട അയിരൂർ-മുട്ടുകുടുക്ക-ഇല്ലത്തുപടി- മുട്ടുകുടുക്ക പ്രക്കാനം - പ്രക്കാനം ഇലവുംതിട്ട - കുളനട രാമഞ്ചിറ-താന്നിക്കുഴി തോന്നിയമല റോഡ് (28.12 കി.മീ.) ഉൾപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ഇതുകൂടാതെ റീബിൽഡ് കേരള പദ്ധതിക്കുകീഴിൽ ഏറ്റെടുത്തിട്ടുള്ള തദ്ദേശസ്വയംഭരണ റോഡുകളിൽ ആറന്മുള നിയോജകമണ്ഡലത്തിൽനിന്നും 23.35 KM ദൈർഘ്യം വരുന്ന 19 റോഡുകളും ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.

**കേരള ശാസ്ത്ര-സാങ്കേതിക ശാസ്ത്ര പരിസ്ഥിതി കൗൺസിൽ**

34 (3653) ശ്രീ.കെ.സുരേഷ് കുറുപ്പ്:
ശ്രീ. പി.ടി.എ. റഹീം:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതികശാസ്ത്ര മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പൊതുജനങ്ങളിൽ ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം പ്രചാരണ പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നത്;

(സി) വിദ്യാർത്ഥികളിൽ ശാസ്ത്രവൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന നടപ്പാക്കി വരുന്ന ശാസ്ത്ര പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതികശാസ്ത്ര രംഗത്ത് നൂതന ആശയങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ഗവേഷണസംവിധാനം ഏർപ്പെടുത്തുന്നതിനും കേരള ശാസ്ത്ര, സാങ്കേതികശാസ്ത്ര പരിസ്ഥിതി കൗൺസിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ശാസ്ത്ര, സാങ്കേതിക മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം എ-യിൽ കണ്ടാലും.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പൊതുജനങ്ങളിൽ ശാസ്ത്രാവബോധവും ശാസ്ത്രാഭിരുചിയും വർദ്ധിപ്പിക്കുന്നതിനായി സംഘടിപ്പിച്ചുവരുന്ന പ്രചാരണ പരിപാടികൾ അനുബന്ധം ബി-യിൽ കണ്ടാലും.*

(സി) വിദ്യാർത്ഥികളിൽ ശാസ്ത്രവൈഭവം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾ മുഖേന നടപ്പാക്കിവരുന്ന ശാസ്ത്ര പ്രവർത്തനങ്ങൾ അനുബന്ധം സി-യിൽ കണ്ടാലും.*

(ഡി) സംസ്ഥാനത്ത് ശാസ്ത്ര-സാങ്കേതിക രംഗത്ത് നൂതന ആശയങ്ങൾക്ക് രൂപം കൊടുക്കുന്നതിനും ഗവേഷണ സംവിധാനം ഏർപ്പെടുത്തുന്നതിനും കേരള സംസ്ഥാന ശാസ്ത്ര, സാങ്കേതിക പരിസ്ഥിതി കൗൺസിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം ഡി-യിൽ കണ്ടാലും.*

## എൻ.ഐ.ടി. കോഴിക്കോടിന്റെ ഗവേണിംഗ് ബോഡിയിൽ സർക്കാർ പ്രതിനിധികൾ

35 (3654) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഐ.ടി. കോഴിക്കോടിന്റെ ഗവേണിംഗ് ബോഡിയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ടോ; എങ്കിൽ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളുണ്ടോ; ഇല്ലെങ്കിൽ പ്രതിനിധിയെ നിശ്ചയിക്കാതിരുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ; എത്രകാലമായി ആയത് ഒഴിഞ്ഞു കിടക്കുകയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. എൻ.ഐ.ടി. ആക്ട് 2007 സെക്ഷൻ 11(d) പ്രകാരം എൻ.ഐ.ടി.-യുടെ ബോർഡ് ഓഫ് ഗവർണ്ണേഴ്സിൽ (BOG) അതത് എൻ.ഐ.ടി. സ്ഥിതി ചെയ്യുന്ന സംസ്ഥാന ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന പ്രമുഖരായ സാങ്കേതിക വിദഗ്ദ്ധരോ വ്യവസായികളോ ആയ രണ്ടുപേരെ ഉൾക്കൊള്ളിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതുപ്രകാരം കോഴിക്കോട് എൻ.ഐ.ടി.-യിലെ ഗവേണിംഗ് ബോഡിയിൽ നിലവിൽ സർക്കാരിന്റെ പ്രതിനിധികളായി ശ്രീ. രവീന്ദ്രൻ കസ്തൂരി, ശ്രീ. വി. നൗഷാദ് എന്നിവരെ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly